2016 ജനുവരി 1 മുതൽ ഫെബ്രുവരി 15 വരെ സംഘടിപ്പിച്ചുവരുന്ന നിക്ഷേപ സമാഹരണ യജ്ഞത്തിൽ 6000 കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഓരോ നിക്ഷേപ സമാഹരണ യജ്ഞങ്ങളിലും വിശദമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന/ജില്ല/താലൂക്ക്/സംഘം തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം സംഘടിപ്പിച്ചു. ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സഹകാരികളെയും പങ്കെടുപ്പിച്ച് കാമ്പയിൻ സംഘടിപ്പിച്ചു. ഓരോ ജില്ലയ്ക്കും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച് നൽകുകയും ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന ജില്ലയ്ക്കും വിവിധ വിഭാഗങ്ങളിൽപ്പെട്ട സംഘങ്ങൾ/ ബാങ്കുകൾക്ക് ട്രോഫികൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു. കാമ്പയിന്റെ നടത്തിപ്പിനായി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥരെ വിന്യസിച്ച് ചുമതല നൽകിയും ഉത്തരവായിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ബൈലാ വ്യവസ്ഥയ്ക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന ഇതര സഹകരണ സംഘങ്ങൾ എന്നീ സഹകരണ സ്ഥാപനങ്ങളെ നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി.

എഞ്ചിനീയറിംഗ് കോളേജുകൾ

106(2144) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് കീഴിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളാണുള്ളത്;

(ബി) ഇവ ഓരോന്നിലും ഏതൊക്കെ കോഴ്സുകളിലായി എത്ര സീറ്റുകൾ വീതം ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 9 എഞ്ചിനീയറിംഗ് കോളേജുകൾ (സർക്കാരിലെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള CAPE (കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ)-ന് കീഴിൽ 8 എഞ്ചിനീയറിംഗ് കോളേജുകളും സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ കോഴിക്കോട് ജില്ലയിൽ എം. ദാസൻ മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയും പ്രവർത്തിക്കുന്നു.)

(ബി) 9 എഞ്ചിനീയറിംഗ് കോളേജുകളിൽ നടത്തുന്ന ബി.ടെക്, എം.ടെക്, എം.സി.എ. കോഴ്സുകളുടെയും സീറ്റുകളുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1322/2017.

LIBRARY ARCHIVES Kerala Legislative Assembly